# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ, കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

*(ഹാജർ: ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്.)*

വിഷയം : കുടുംബശ്രീ – എൻ.ആർ.എൽ.എം. – ഗ്രാമ പ്രദേശങ്ങളിലെ തീരദേശ മേഖലയിലെ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നത് – സംബന്ധിച്ച്.

പരാമർശം : എൻ.ആർ.എൽ.എം. വാർഷിക ആക്ഷൻ പ്ലാൻ 2017–18

**ORDER No. 6261/ M/2017/KSHO DATED 03..08..2017**

സാമൂഹികമായും സാമ്പത്തികമായും ഏറെ വെല്ലുവിളികൾ നേരിടുന്നവരാണ് തീരദേശവാസികൾ പ്രത്യേകിച്ച് മത്സ്യബന്ധനം മുഖ്യതൊഴിലാക്കിയവർ. ക്രമമായ വരുമാനമില്ലാത്ത അവസ്ഥ, മത്സ്യ സമ്പത്തിലുള്ള കുറവ്, ഇടനിലക്കാരുടെ ചൂഷണം, ആരോഗ്യ-വിദ്യാഭ്യാസമേഖലയിലെ പിന്നോക്കാവസ്ഥ എന്നിവയെല്ലാം ഇവരുടെ ജീവിതത്തെ കൂടുതൽ ദുരിത പൂർണ്ണമാക്കുന്നു. കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പ്രവർത്തന ഫലമായി ഈ മേഖലയിൽ പണമിടപാടുകാരുടെ ചൂഷണത്തെ ഒരു പരിധിവരെ തടയുവാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിന് പണത്തിനായി പലപ്പോഴും ബാഹ്യ ഏജൻസികളെ ഇവർക്ക് ആശ്രയിക്കേണ്ടി വരുന്നു. ഇത് ഇവരെ വീണ്ടും കടത്തിന്റെ ദൂഷിത വലയത്തിലാക്കുന്നതിനു ഇടയാക്കുന്നു.

അയൽക്കൂട്ടങ്ങളുടെ ലഘു സമ്പാദ്യ വായ്പ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിലൂടെയും മെച്ചപ്പെട്ട ഉപജീവന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിലൂടെയും മാത്രമേ ഈ മേഖലയിലെ സ്ത്രീകളുടെ ഉന്നമനം സാധിതമാകുകയുള്ളു. കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളായിട്ടുള്ള പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് അവരുടെ അടിയന്തിര ഉപഭോഗ ആവശ്യങ്ങൾ, കുടുംബാംഗങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ, ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കൽ, തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള കടബാധ്യതകൾ തീർപ്പാക്കൽ തുടങ്ങിയവയ്ക്ക് ആവശ്യമായ പിന്തുണ നൽകുകയെന്നത് കുടുംബശ്രീ മിഷന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെട്ടതാണ്. ദേശീയ ഉപജീവന മിഷന്റെ ഭാഗമായി കുടുംബശ്രീക്ക് ലഭ്യമായിട്ടുള്ള റിവോൾവിംഗ് ഫണ്ട് ഒരു പരിധിവരെ അയൽക്കൂട്ട അംഗങ്ങളുടെ ഇത്തരം ആവശ്യങ്ങൾ പരിഹരിക്കുന്നതിനു സഹായകരമാകും. കൂടാതെ വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങൾക്കു മാത്രമാണ് ഈ ഫണ്ടിനായുള്ള അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളയെന്നതിനാൽ അയൽക്കൂട്ടങ്ങളുടെ മികച്ച രീതിയിലുള്ള പ്രവർത്തനങ്ങൾക്കും ഇത് സഹായകരമാകും.

ആന്തിരക വായ്പ പ്രവർത്തനത്തിലൂടെ കൂടുതൽ തുക വായ്പയായി അയൽക്കൂട്ട അംഗങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഗ്രാമ പ്രദേശങ്ങളിലെ തീരദേശ മേഖലയിലെ തീരദേശ അയൽക്കൂട്ടങ്ങളുടെ ലഘു സമ്പാദ്യ-വായ്പാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന വ്യവസ്ഥകൾക്കു വിധേയമായി റിവോൾവിംഗ് ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു.

മാനദണ്ഡങ്ങൾക്കനുസരിച്ച് അർഹതപ്പെട്ട **ഒരു തീരദേശ അയൽക്കൂട്ടത്തിന് 15,000/- രൂപ റിവോൾവിംഗ് ഫണ്ടായി ലഭ്യമാക്കുന്നതാണ്.** ഏറ്റവും പാവപ്പെട്ട അംഗങ്ങൾ ഉൾപ്പെടുന്ന അയൽക്കൂട്ടങ്ങൾക്ക് മുൻഗണന ഉണ്ടായിരിക്കും. റിവോൾവിംഗ് ഫണ്ട് ലഭ്യമാകുന്നതുവഴി അയൽക്കൂട്ടങ്ങളുടെ മൊത്തം സമ്പാദ്യം വർദ്ധിക്കുകയും അങ്ങനെ കൂടുതൽ തുക ആന്തരിക വായ്പയായി അംഗങ്ങൾക്ക് വിതരണം ചെയ്യുന്നതിന് അയൽക്കൂട്ടത്തിന് സാധ്യമാകുകയും ചെയ്യുന്നു.

1. **റിവോൾവിംഗ് ഫണ്ട് ലഭ്യമാകുന്നതിനുവേണ്ട അർഹതാ മാനദണ്ഡങ്ങൾ:-**

- ഗ്രാമ പ്രദേശ സി.ഡി.എസ്സുകളിലെ തീരദേശ അയൽക്കൂട്ടങ്ങൾക്കു മാത്രമാണ് ഈ ഫണ്ട് ലഭ്യമാക്കുക.
- തീരദേശ അയൽക്കൂട്ടത്തിൽ കുറഞ്ഞത് 75% അംഗങ്ങൾ എങ്കിലും ബി.പി.എൽ. കുടുംബങ്ങളിൽ നിന്നുള്ളവരായിരിക്കണം,
- ആരംഭിച്ച് മൂന്നു മാസം കഴിഞ്ഞ തീരദേശ അയൽക്കൂട്ടങ്ങൾക്കു ഫണ്ട് ലഭ്യമാകുന്നതിന് അർഹതയുണ്ടായിരിക്കും.
- തീരദേശ അയൽക്കൂട്ടങ്ങൾ താഴെപറയുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കുന്നവയായിരിക്കണം:
  - കൃത്യമായി എല്ലാ അഴ്ചയിലും യോഗം ചേരുന്ന അയൽക്കൂട്ടമായിരിക്കണം. അയൽക്കൂട്ട യോഗങ്ങളിൽ അംഗങ്ങളുടെ ഹാജർ 90% അല്ലെങ്കിൽ അതിൽ കൂടുതലോ ഉണ്ടായിരിക്കണം
  - അംഗങ്ങൾ തങ്ങളുടെ സമ്പാദ്യം കൃത്യമായി എല്ലാ അഴ്ചയിലും അയൽക്കൂട്ട യോഗത്തിൽ നിക്ഷേപിക്കുന്ന അയൽക്കൂട്ടമായിരിക്കണം
  - ആരംഭിച്ച് ആറുമാസം കഴിഞ്ഞ അയൽക്കൂട്ടമാണെങ്കിൽ കൃത്യമായി ആന്തരിക വായ്പാ പ്രവർത്തനം നടത്തണം.
  - ആന്തരിക വായ്പ ലഭ്യമാകുന്ന അയൽക്കൂട്ടാംഗങ്ങൾ കൃത്യമായി വായ്പ തിരിച്ചടവ് നടത്തുന്ന അയൽക്കൂട്ടമായിരിക്കണം. (തിരിച്ചടവിൽ കുടിശിക ഉണ്ടാകുവാൻ പാടുള്ളതല്ല).
  - കുടുംബശ്രീ മിഷൻ നിഷ്കർഷിച്ചിട്ടുള്ള എല്ലാ രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുകയും കൃത്യമായി എഴുതി സൂക്ഷിക്കുകയും ചെയ്യുന്ന അയൽക്കൂട്ടമായിരിക്കണം.
- ആരംഭിച്ച് ഒരു വർഷം കഴിഞ്ഞ തീരദേശ അയൽക്കൂട്ടങ്ങൾ തൊട്ടുമുൻ സാമ്പത്തിക വർഷത്തെ കാസ് ഓഡിറ്റ് പൂർത്തീകരിച്ചിരിക്കണം.
- എസ്.ജി.എസ്.വൈ. പ്രകാരം റിവോൾവിംഗ് ഫണ്ട് ലഭ്യമായിട്ടുള്ള തീരദേശ അയൽക്കൂട്ടങ്ങൾക്ക് കുടുംബശ്രീ റിവോൾവിംഗ് ഫണ്ടിന് അർഹതയുണ്ടായിരിക്കുന്നതല്ല.
- തീരദേശ അയൽക്കൂട്ടത്തിന് ബാങ്കിൽ എസ്.ബി. അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടായിരിക്കണം.
- കുടുംബശ്രീ മിഷൻ നൽകുന്ന പരിശീലനങ്ങളിൽ തീരദേശ അയൽക്കൂട്ട ഭരണ സമിതി അംഗങ്ങൾ പങ്കെടുത്തിട്ടുണ്ടാകണം.
- കുടുംബശ്രീ മിഷന്റെ ഡിജിറ്റലൈസഡ് എം.ഐ.എസ്സി. ൽ രേഖപ്പെടുത്തുന്നതിനായി എല്ലാ മാസവും കൃത്യമായി വിവരങ്ങൾ സി.ഡി.എസ്സിനു നൽകുന്ന തീരദേശ അയൽക്കൂട്ടമായിരിക്കണം.

2. സി.ഡി.എസ്സ്, എ.ഡി.എസ്സ് പിന്തുണ

തീരദേശ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കിയതിനുശേഷം കുറഞ്ഞത് 6 മാസത്തേക്കെങ്കിലും രേഖകളും രജിസ്റ്ററുകളും എഴുതി സൂക്ഷിക്കുന്നതിനും ആന്തരിക വായ്പാ പ്രവർത്തനം കൃത്യമായി നടത്തുന്നതിനും ആവശ്യമായ പിന്തുണ സി.ഡി.എസ്സും എ.ഡി.എസ്സും നൽകേണ്ടതാണ്.

3. റിവോൾവിംഗ് ഫണ്ട് ഉപയോഗം

- മുകളിൽ സൂചിപ്പിച്ച നിബന്ധനകൾ പാലിക്കുന്ന തീരദേശ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ടായി 15,000/- രൂപ ലഭ്യമാകുന്നതിന് അർഹതയുണ്ടായിരിക്കും.
- റിവോൾവിംഗ് ഫണ്ട് അംഗങ്ങൾക്കായുള്ള ആന്തരിക വായ്പ പ്രവർത്തനങ്ങൾക്കു മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു. ആന്തരിക വായ്പയുടെ പലിശ നിരക്ക് അയൽക്കൂട്ട യോഗത്തിന് തീരുമാനിക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം തീരുമാനിക്കുന്ന വായ്പയുടെ വാർഷിക പലിശ നിരക്ക് 12 ശതമാനത്തിന് മുകളിൽ അധികരിക്കാൻ പാടുള്ളതല്ല.
- റിവോൾവിംഗ് ഫണ്ട് അയൽക്കൂട്ട അംഗങ്ങൾ വീതിച്ചു എടുക്കുവാൻ പാടുള്ളതല്ല. അയൽക്കൂട്ടങ്ങളുടെ എസ്.ബി. അക്കൗണ്ടിലേക്ക് ജില്ലാ മിഷനിൽ നിന്നും നേരിട്ടായിരിക്കും റിവോൾവിംഗ് ഫണ്ട് അനുവദിക്കുക.

4. റിവോൾവിംഗ് ഫണ്ട് ലഭ്യമാകുന്നതിന് അപേക്ഷ സമർപ്പിക്കേണ്ട വിധം

- തീരദേശ അയൽക്കൂട്ടങ്ങൾ റിവോൾവിംഗ് ഫണ്ടിനായി നിശ്ചിത ഫോർമാറ്റിൽ അപേക്ഷ എ.ഡി.എസ്സിനു സമർപ്പിക്കേണ്ടതാണ്. (അനുബന്ധം 1)
- എ.ഡി.എസ്. കമ്മിറ്റി അപേക്ഷകൾ പരിശോധിക്കേണ്ടതും അയൽക്കൂട്ടങ്ങൾ ഫണ്ടിന് അർഹമായ നിബന്ധനകൾ പാലിക്കുന്നവയാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
- ഇപ്രകാരം ഉറപ്പുവരുത്തിയ അപേക്ഷകൾ എ.ഡി.എസ്. കമ്മിറ്റിയുടെ ശുപാർശയോടു കൂടി സി.ഡി.എസ്സിനു സമർപ്പിക്കേണ്ടതാണ്.
- എ.ഡി.എസ്സ്. മുഖേന സിഡിഎസിൽ ലഭ്യമായ അപേക്ഷകൾ സിഡിഎസ് എം.എഫ്. സബ് കമ്മിറ്റി പരിശോധിക്കേണ്ടതും ജില്ലാ മിഷനു സമർപ്പിക്കുന്നതിനായി സി.ഡി.എസ്. യോഗത്തിൽ സമർപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്.
- ഇപ്രകാരം സി.ഡി.എസ്. കമ്മിറ്റി അംഗീകാരം നൽകിയ അപേക്ഷകൾ റിവോൾവിംഗ് ഫണ്ട് വിതരണം ചെയ്യുന്നതിനായി ജില്ലാ മിഷന് സമർപ്പിക്കേണ്ടതാണ്.
- സിഡിഎസ്സിൽ നിന്നും അപേക്ഷകൾ ലഭിച്ചുകഴിഞ്ഞാൽ ജില്ലാ മിഷൻ 15 ദിവസത്തിനുള്ളിൽ പരിശോധനാ നടപടികൾ പൂർത്തീകരിച്ച് അർഹമായ തീരദേശ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിക്കേണ്ടതാണ്.
- ഇപ്രകാരം റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നത് തീരദേശ അയൽക്കൂട്ടങ്ങളുടെ എസ്.ബി. അക്കൗണ്ടിലേയ്ക്കായിരിക്കണം.
- അർഹമായ തീരദേശ അയൽക്കൂട്ടങ്ങളുടെ പേരും അനുവദിച്ച റിവോൾവിംഗ് ഫണ്ട് തുകയും അടങ്ങുന്ന ഉത്തരവിന്റെ പകർപ്പ്

ബന്ധപ്പെട്ട തീരദേശ സി.ഡി.എസ്സുകൾക്ക് അനന്തര നടപടികൾക്കായി ജില്ലാ മിഷൻ നൽകേണ്ടതാണ്.

- ജില്ലാ മിഷനിൽ നിന്നും ലഭ്യമാകുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ റിവോൾവിംഗ് ഫണ്ട് ലഭ്യമായ അയൽക്കൂട്ടങ്ങളുടെ പേര്, തുക വിവരങ്ങൾ ബന്ധപ്പെട്ട എഡിഎസ്സുകളെ രേഖാമൂലം സി.ഡി.എസ്. അറിയിക്കേണ്ടതാണ്.
- ഫണ്ട് ലഭ്യമായ അയൽക്കൂട്ടങ്ങൾ പ്രസ്തുത തുക ആന്തരിക വായ്പ പ്രവർത്തനങ്ങൾക്കു മാത്രമാണ് ഉപയോഗിക്കുന്നതെന്ന് ബന്ധപ്പെട്ട എ.ഡി.എസുകൾ ഉറപ്പുവരുത്തേണ്ടതാണ്.

ജില്ല തിരിച്ചുള്ള തീരദേശ അയൽക്കൂട്ടങ്ങളുടെ എണ്ണവും (31/03/2017-ലെ കണക്കനുസരിച്ച്) അനുവദിച്ച റിവോൾവിംഗ് ഫണ്ട് തുകയും

| ക്രമ നം. | ജില്ല | ആകെ തീരദേശ അയൽക്കൂട്ടങ്ങളുടെ എണ്ണം (ഗ്രാമ സി.ഡി.എസ്സുകൾ) | റിവോൾവിംഗ് ഫണ്ട് അനുവദിച്ച തീരദേശ അയൽക്കൂട്ടങ്ങളുടെ എണ്ണം | അനുവദിച്ച റിവോൾവിംഗ് ഫണ്ട് |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 1,030 | 330 | 49,50,000 |
| 2 | കൊല്ലം | 455 | 146 | 21,90,000 |
| 3 | ആലപ്പുഴ | 1,594 | 511 | 76,65,000 |
| 4 | എറണാകുളം | 1,665 | 534 | 80,10,000 |
| 5 | തൃശൂർ | 324 | 103 | 15,45,000 |
| 6 | മലപ്പുറം | 207 | 66 | 9,90,000 |
| 7 | കോഴിക്കോട് | 377 | 121 | 18,15,000 |
| 8 | കണ്ണൂർ | 387 | 124 | 18,60,000 |
| 9 | കാസർഗോഡ് | 202 | 65 | 9,75,000 |
| **ആകെ** | | **6,241** | **2,000** | **3,00,00,000** |

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

1) എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
2) എല്ലാ ഗ്രാമ സി.ഡി.എസ്സ് ചെയർപേഴ്സൺമാർക്കും (ജില്ലാ മിഷൻ മുഖേന)
3) എല്ലാ ഗ്രാമ സി.ഡി.എസ്സ് മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ മിഷൻ മുഖേന)

**പകർപ്പ്**

1. *എല്ലാ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, പ്രോഗ്രാം ഓഫീസർമാർ, പ്രോഗ്രാം മാനേജർ (സംസ്ഥാന മിഷൻ)*
2. *അക്കൗണ്ട്സ് സെക്ഷൻ*
3. *കരുതൽ/അധികം*

ഉത്തരവിൻ പ്രകാരം

പ്രോഗ്രാം ഓഫീസർ (സംഘടന)

## കുടുംബശ്രീ ................................................ ജില്ലാ മിഷൻ

### ഗ്രാമ പ്രദേശ സി.ഡി.എസ്സുകളിലെ തീരദേശ അയൽക്കൂട്ടങ്ങൾക്കുള്ള റിവോൾവിംഗ് ഫണ്ട് അപേക്ഷാ ഫോറം

.................................... ഗ്രാമ പഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസ്സ്.

1. അയൽക്കൂട്ടത്തിന്റെ പേര് :
   a) മേൽ വിലാസം :

   b) ഫോൺ നമ്പർ :
2. വാർഡ് നമ്പർ / പേര് :
3. അയൽക്കൂട്ടം രൂപീകരിച്ച തിയതി :
4. സി.ഡി.എസിലെ അഫിലിയേഷൻ നമ്പർ :
5. അയൽക്കൂട്ടത്തിലെ അംഗങ്ങളുടെ എണ്ണം :
6. അക്കൗണ്ട് തുടങ്ങിയ ബാങ്കിന്റെ പേര് :
   a) ബാങ്ക് ബ്രാഞ്ച് :
   b) SB അക്കൗണ്ട് നമ്പർ :
7. ഒരു അംഗത്തിന്റെ ഒരാഴ്ചത്തെ നിക്ഷേപ തുക :
8. അയൽക്കൂട്ട യോഗങ്ങളിലെ ഹാജർ നിലവാരം (കഴിഞ്ഞ 6 മാസത്തെ ശരാശരി) :
9. ആന്തരിക വായ്പാ നിരക്ക്
   a) അയൽക്കൂട്ടത്തിന്റെ നാളിതു വരെയുള്ള ആകെ സമ്പാദ്യം : ....................................
   b) അയൽക്കൂട്ടത്തിന്റെ നിലവിലെ ആകെ ആന്തരിക വായ്പ : ....................................
   c) സമ്പാദ്യ വായ്പാ അനുപാതം (b/a): ....................................
10. കാസ് ഓഡിറ്റ് പൂർത്തീകരിച്ച തിയതി :
11. <u>അയൽക്കൂട്ടം അംഗങ്ങളുടെ വിവരങ്ങൾ</u>

| ക്രമ നമ്പർ | പേരും മേൽവിലാസവും | അംഗത്വം നൽകിയ തീയതി | വയസ്സ് | ബി.പി.എൽ/ എ.പി.എൽ | വിഭാഗം ജനറൽ/എസ്.സി./ എസ്.റ്റി/മറ്റുള്ളവ (വ്യക്തമാക്കുക) | ഒപ്പ് |
|---|---|---|---|---|---|---|
| 1. | | | | | | |
| 2. | | | | | | |
| 3. | | | | | | |
| 4. | | | | | | |
| 5. | | | | | | |
| 6. | | | | | | |
| 7. | | | | | | |
| 8. | | | | | | |
| 9. | | | | | | |

| ക്രമ നമ്പർ | പേരും മേൽവിലാസവും | അംഗത്വം നൽകിയ തീയതി | വയസ്സ് | ബി.പി.എൽ/ എ.പി.എൽ | വിഭാഗം ജനറൽ/എസ്.സി./ എസ്.റ്റി/മറ്റുള്ളവ (വ്യക്തമാക്കുക) | ഒപ്പ് |
|---|---|---|---|---|---|---|
| 10. | | | | | | |
| 11. | | | | | | |
| 12. | | | | | | |
| 13. | | | | | | |
| 14. | | | | | | |
| 15. | | | | | | |
| 16. | | | | | | |
| 17. | | | | | | |
| 18. | | | | | | |
| 19. | | | | | | |
| 20. | | | | | | |

## സത്യപ്രസ്താവന

മുകളിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണെന്ന് സത്യപ്രസ്താവന ചെയ്യുന്നു. ആയതിനാൽ ഞങ്ങളുടെ അയൽക്കൂട്ടത്തിന് റിവോൾവിംഗ് ഫണ്ട് ............................ രൂപ അനുവദിച്ച് തരണമെന്ന് അപേക്ഷിക്കുന്നു. റിവോൾവിംഗ് ഫണ്ട് ഇനത്തിൽ ലഭിക്കുന്ന ധനസഹായം അയൽക്കൂട്ടത്തിലെ ആന്തരിക വായ്പയ് പ്രവർത്തനങ്ങൾക്കു മാത്രമേ ഉപയോഗിക്കുകയുള്ളൂ.

അയൽക്കൂട്ടം പ്രസിഡന്റിന്റെ പേരും, ഒപ്പും, തീയതിയും

(അയൽക്കൂട്ടം മുദ്ര)

അയൽക്കൂട്ടം സെക്രട്ടറിയുടെ പേരും, ഒപ്പും, തീയതിയും

---

## എ.ഡി.എസ്സ് ശുപാർശ

- റിവോൾവിംഗ് ഫണ്ട് അപേക്ഷ ലഭിച്ച തീയതി : ..................
- അപേക്ഷകൾ പരിശോധിക്കുന്നതന് എ.ഡി.എസ്. കമ്മിറ്റി ചേർന്ന തീയതി : ...............

......................................... വാർഡിലെ ........................................................................... അയൽക്കൂട്ടം ............................... (അഫിലിയേഷൻ നമ്പർ) റിവോൾവിംഗ് ഫണ്ട് ലഭിക്കാൻ അർഹതയുള്ള അയൽക്കൂട്ടമാണെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ റിവോൾവിംഗ് ഫണ്ട് അനുവദിക്കാവുന്നതാണ്. റിവോൾവിംഗ് ഫണ്ട് ലഭ്യമാകുന്ന അയൽക്കൂട്ടം പ്രസ്തുത തുക അയൽക്കൂട്ടത്തിലെ ആന്തരിക വായ്പ് പ്രവർത്തനങ്ങൾക്കു മാത്രമേ ഉപയോഗിക്കുകയുള്ളൂ എന്ന് എ.ഡി.എസ്. കമ്മിറ്റി ഉറപ്പുവരുത്തുന്നതാണ്.

തീയതി:

(ഓഫീസ് മുദ്ര)

എ.ഡി.എസ് ചെയർപേഴ്സന്റെ പേരും, ഒപ്പും, തീയതിയും

---

## സി.ഡി.എസ്സിന്റെ പരിശോധനാ റിപ്പോർട്ട്

## സി.ഡി.എസ്സിന്റെ പരിശോധനാ റിപ്പോർട്ട്

- റിവോൾവിംഗ് ഫണ്ട് അപേക്ഷകൾ ലഭിച്ച തീയതി : ..................
- അപേക്ഷകൾ പരിശോധിക്കുന്നതിന് സി.ഡി.എസ്സ് കമ്മിറ്റി ചേർന്ന തീയതി : ................

.......................................... വാർഡിലെ ................................................................................ അയൽക്കൂട്ടം ............................ (അഫിലിയേഷൻ നമ്പർ) റിവോൾവിംഗ് ഫണ്ട് ലഭിക്കാൻ അർഹതയുള്ള അയൽക്കൂട്ടമാണെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ കുടുംബശ്രീ മിഷന്റെ റിവോൾവിംഗ് ഫണ്ട് ........................ രൂപ അനുവദിക്കാവുന്നതാണ്.

**സി.ഡി.എസ് ചെയർപേഴ്സന്റെ**
**പേരും, ഒപ്പും, തീയതിയും**

(ഓഫീസ്
മുദ്ര)

**മെമ്പർ സെക്രട്ടറി**
**പേരും, ഒപ്പും, തീയതിയും**

***കുറിപ്പ്:***

1. *അപേക്ഷയുടെ കൂടെ സി.ഡി.എസിലെ അഫിലിയേഷൻ സർട്ടിഫിക്കറ്റിന്റെയും അയൽക്കൂട്ടത്തിന്റെ ബാങ്ക് പാസ്സ് ബുക്കിന്റെയും പകർപ്പ് വയ്ക്കേണ്ടതാണ്.*
2. *പൂർണ്ണമായും പൂരിപ്പിക്കാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല.*
3. *ജില്ലാ മിഷൻ നടത്തുന്ന പരിശോധനയിൽ അപേക്ഷ വ്യാജമാണെന്ന് തെളിഞ്ഞാൽ ധനസഹായം തിരിച്ചു പിടിക്കുന്നതടക്കമുള്ള നിയമ നടപടികൾ ബന്ധപ്പെട്ടവർക്കെതിരെ സ്വീകരിക്കുന്നതാണ്.*

## കുടുംബശ്രീ ജില്ലാ മിഷന്റെ പരിശോധനാ റിപ്പോർട്ട്

................................ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസ്സിലെ ............................ വാർഡിലെ ........................................................................................ അയൽക്കൂട്ടം ............................ (അഫിലിയേഷൻ നമ്പർ) റിവോൾവിംഗ് ഫണ്ട് ലഭിക്കാൻ അർഹതയുള്ള ..................... അയൽക്കൂട്ടമാണെന്ന് ബോധ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ ഈ അയൽക്കുട്ടത്തിന് റിവോൾവിംഗ് ഫണ്ട് ........................ രൂപ അനുവദിക്കാവുന്നതാണ്.

തീയതി:

**എ.ഡി.എം.സി**
കുടുംബശ്രീ

## ഉത്തരവ്

......................................................................... ഗ്രാമപഞ്ചായത്ത് കുടുംബശ്രീ ....................................................................... അയൽക്കൂട്ടത്തിന് റിവോൾവിംഗ് ഫണ്ട് ...............................രൂപ (.................................................. രൂപ മാത്രം) അനുവദിച്ചിരിക്കുന്നു.

തീയതി:

(ഓഫീസ്
മുദ്ര)

**ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ,**
കുടുംബശ്രീ,